**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5926** | **25-03-2025 - ൽ മറുപടിയ്ക്ക്**

**സൗജന്യ വൈദ്യുതി കണക്ഷനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗം, ബി.പി.എൽ. എന്നീ വിഭാഗക്കാർക്ക് സൗജന്യ വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് കെ.എസ്.ഇ.ബി. മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സമ്പൂർണവൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്. ഇ.ബി..എൽ-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വരുന്നു. ബി.പി.എൽ വിഭാഗത്തിലെ മേൽ സൗജന്യ കണക്ഷൻ ലഭിക്കുവാൻ, അപേക്ഷയോടൊപ്പം തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ, ബി.പി.എൽ രേഖ എന്നിവ സമർപ്പി ക്കേണ്ടതാണ്. BPL വിഭാഗത്തിൽ ഉൾപ്പെടുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാർക്കും മേൽപദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗക്കാർക്ക് സൗജന്യമായി ഇലക്ട്രിക് പോസ്റ്റുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പരമാവധി എത്ര ഇലക്ട്രിക് പോസ്റ്റുകൾ വരെയാണ് കെ.എസ്.ഇ.ബി. സൗജന്യമായി അനുവദിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | (ബി) | 1000w വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകൾ സൗജന്യമായാണ് കെ.എസ്.ഇ.ബി..എൽ. ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ